പതിനഞ്ചാം കേരളനിയമസഭ
ഒൻപതാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
08-09-2023

നിയമനിർമ്മാണം

(i) ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

2023 ആഗസ്റ്റ് 8-ാംം തീയതി 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിന്റെ അവതരണവേളയിൽ ബില്ലിലെ സെക്ഷൻ 7-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് മതിപ്പ ചെലവ് കണക്കാക്കി പുതിയ ധനകാര്യ മെമ്മോറാണ്ടം ബിൽ പരിഗണിക്കുന്നതിനുമുമ്പായി സർക്കുലേറ്റ് ചെയ്യണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

(ii) ബില്ലിലെ വ്യവസ്ഥകളിലെ അവ്യക്തത

2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിലെ മൂന്നാം ഉപഖണ്ഡത്തിൽ ഒരു കുറ്റത്തിന് ഏർപ്പെടുത്തിയിട്ടുള്ള ശിക്ഷ അതേ കുറ്റത്തിന് ഇന്ത്യൻ പീനൽ കോഡിൽ പറഞ്ഞിട്ടുള്ള ശിക്ഷയ്ക്ക് വിരുദ്ധമാണെന്ന് ഭരണപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

ബില്ലിൻകീഴിൽ ചട്ടങ്ങളുണ്ടാക്കി നടപ്പിൽ വരുത്തുമ്പോൾ അധികചെലവുണ്ടാകുമെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സഞ്ചിത നിധിയിൽനിന്നുമുണ്ടാകുന്ന ചെലവെത്രയെന്ന് ഈ ഘട്ടത്തിൽ കണക്കാക്കാൻ കഴിയില്ലെന്നും ഭേദഗതി ഇന്ത്യൻ പീനൽ കോഡിലെ ശിക്ഷാവ്യവസ്ഥകൾക്ക് വിരുദ്ധമല്ലെന്നും മിനിമം പണിഷ്മെന്റ്

ഏർപ്പെടുത്തുന്നതിന് സംസ്ഥാനത്തിന് അധികാരമുണ്ടെന്നും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

"ആധുനിക കാലത്തിൽ പുതിയ സംവിധാനങ്ങളും ധനകാര്യ മാനേജ്മെന്റും നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ വരാവുന്ന ചെലവുകൾ മുൻകൂട്ടി കണക്കാക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ലാത്തതിനാൽ ധനകാര്യ മെമ്മോറാണ്ടങ്ങൾ പരമാവധി യാഥാർത്ഥ്യബോധത്തോടുകൂടിത്തന്നെ തയ്യാറാക്കി ബില്ലുകളോടൊപ്പം സമർപ്പിക്കണം. ബില്ലിലെ ശിക്ഷാവിധികൾ സംബന്ധിച്ച വ്യവസ്ഥകളിലെ അവ്യക്തതകൾ സബ്ജക്ട് കമ്മിറ്റി തലത്തിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കണം."

+